13. വില്ലേജ് റോഡ് മെയിന്റനൻസ് പ്രോഗ്രാം.

14. അട്ടപ്പാടി പരിസ്ഥിതി പുന:സ്ഥാപന പദ്ധതി.

ഈ പദ്ധതികൾക്കായി ആകെ 1,18,632.91 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ബി) സംസ്ഥാനത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതാണ്.

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ഗ്രാമവികസന വകുപ്പ് നടത്തിയ വികസന പ്രവർത്തനങ്ങൾ

22(1496) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിനുശേഷം നാളിതുവരെ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ഗ്രാമവികസന വകുപ്പ് നടത്തിയ വികസന പ്രവർത്തനങ്ങൾ ഏതെല്ലാമെന്നും, ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയതെന്നും ഓരോ പദ്ധതി നടത്തിപ്പിനും എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ഗ്രാമവികസനവകുപ്പ് മുഖേന ദുർബല വിഭാഗങ്ങൾക്ക് എത്ര ധനസഹായം നൽകുകയുണ്ടായെന്നും എത്ര പേർക്ക് ആനുകൂല്യം ലഭിച്ചെന്നും വ്യക്തമാക്കുമോ;

(സി) ഇക്കാലയളവിൽ പ്രസ്തുത വകുപ്പ് മുഖേന എത്ര സാനിട്ടറി കക്കൂസുകൾ ലഭ്യമാക്കിയിട്ടുണെന്നും ഇതിനായി ആകെ എത്ര തുക ചെലവഴിക്കുക ഉണ്ടായെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

ജില്ലാ ഗ്രാമവികസന ഏജൻസികളുടെ പ്രവർത്തനം

23(1497) ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ ഗ്രാമവികസന ഏജൻസികളെ ജില്ലാ പഞ്ചായത്തുകളുടെ പൂർണ്ണ നിയന്ത്രണത്തിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജില്ലാ ഗ്രാമവികസന ഏജൻസികളുടെ മോണിറ്ററിംഗ് സംവിധാനം ശരിയായ നിലയിൽ പ്രവർത്തിക്കുന്നുണ്ടോ;

† അനുബന്ധം - V

LIBRARY ARCHIVES Kerala Legislative Assembly